**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 08/01/2021
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**<u>സർക്കുലർ നം-EXC2/2021/EXCISE</u>**

വിഷയം: എക്സൈസ് എൻഫോഴ്സ്മെൻറ് - ബഹു. കോടതികളിൽ നിലവിലുള്ള കേസ്സുകളിൽ അബ്കാരി / എൻ.ഡി.പി.എസ് ആക്ടിലെ നടപടിക്രമം പാലിക്കാത്തതിനാൽ ഉണ്ടാകുന്ന വീഴ്ചകൾ ഒഴിവാക്കുന്നത് - **<u>ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നത്</u>** - സംബന്ധിച്ച്.

സൂചന: എക്സൈസ് കമ്മീഷണറുടെ 28.12.2019-ലെ ഇ.എക്സ്.സി/16/2019/ എക്സൈസ് നമ്പർ സർക്കുലർ

എക്സൈസ് വകുപ്പ് കണ്ടെത്തുന്ന അബ്കാരി കേസ്സുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അബ്കാരി നിയമത്തിലെ 53(എ) പ്രകാരം ഉള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാലും കോടതികളിൽ ഹാജരാക്കാതെയിരിക്കുന്നതു മൂലവും പല കേസ്സുകളിലും ശിക്ഷ ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുവെന്ന് ബോദ്ധ്യപ്പെട്ടതിനാൽ സൂചന സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ നൽകിയിട്ടും ഇപ്പോഴും തൽസ്ഥിതി തുടരുന്നതിനാൽ ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെൻറ് അനാസ്ഥ കാട്ടുന്നതായി ബഹു.കോടതികളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ബന്ധപ്പെട്ട ഗവൺമെൻറ് പ്ലീഡർമാർ അറിയിച്ചിരിക്കുകയാണ്.

ആയതിനാൽ അബ്കാരി/എൻ.ഡി.പി.എസ് കേസുകളിൽ അനുവദനീയമായ സമയപരിധിയ്ക്കുള്ളിൽ തന്നെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കണമെന്നും, മേജർ എൻ.ഡി.പി.എസ് കേസ്സുകളിൽ നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാൻ സാധിക്കാതെ വരുന്ന സാഹചര്യത്തിൽ വ്യക്തമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി അന്വേഷണം പൂർത്തിയാക്കുവാൻ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിന് എൻ.ഡി.പി.എസ് നിയമം 36 എ (4) വകുപ്പ് പ്രകാരമുള്ള നടപടികൾ കർശനമായി നടപ്പിലാക്കണമെന്നും അറിയിക്കുന്നു.

ഇത്തരം നടപടിക്രമങ്ങളുടെ അഭാവത്തിൽ പ്രതികൾക്ക് ജാമ്യം ലഭിക്കുകയും, ശിക്ഷ ലഭിക്കാതെയും, കേസ്സുകൾ വിട്ടുപോകുന്നതുമായ സാഹചര്യം ഉണ്ടായാൽ പ്രസ്തുത കേസ് കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേരിൽ അച്ചടക്ക നടപടികൾ ഉൾപ്പെടെയുള്ള കർശന നടപടികൾ ഒരു വിട്ടുവീഴ്ചയും കൂടാതെ സ്വീകരിക്കുന്നതാണ്.

**S. AANANTHAKRISHNAN IPS**
Signature valid
Digitally signed by AANANTHAKRISHNAN S
Date 2021.01.08 13:30 IST
Reason Approved

**എക്സൈസ് കമ്മീഷണർ**

ഗ്രാഹകൻ:

(1)എല്ലാ ജോയിൻറ് എക്സൈസ് കമ്മീഷണർമാർക്കും.

(2)എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർക്കും.

(3)എല്ലാ അസിസ്റ്റൻറ് എക്സൈസ് കമ്മീഷണർമാർക്കും.

(4)എക്സൈസ് കമ്മീഷണറുടെ സി.എ-യ്ക്ക്.

(5)അഡീ.എക്സൈസ് കമ്മീഷണറുടെ (എൻഫോഴ്സ്മെൻറ്) സി.എ-യ്ക്ക്.

(6)ലോ ഓഫീസർ,എക്സൈസ് വകുപ്പ്.

(7)ഓഫീസ് ഫയൽ /സ്റ്റോക്ക് ഫയൽ